VOL. 7 • ISSUE 2 • AUGUST 2013

# സെന്റ് ജോൺസ് വോയ്സ്

A NEWS LETTER OF ST. JOHN'S HOSPITAL, KATTAPPANA




happy
onam
നിറപറയും നിലവിളക്കും തുമ്പപ്പൂക്കളും
ഒരുപിടി നല്ല ഓർമ്മകളും മനസ്സിൽനിറച്ച്
ഇതാ ഓണം വന്നെത്തിയിരിക്കുന്നു.
എല്ലാ സെന്റ് ജോൺസ് വോയ്സ്
വായനക്കാർക്കും
ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും
സമാധാനത്തിന്റെയും സ്നേഹത്തിന്റെയും
ഒരായിരം ഓണാശംസകൾ
നേർന്നുകൊള്ളുന്നു
ST.JOHN'S HOSPITAL

സെന്റ് ജോൺസ് വോയ്സ്
വാർത്താപത്രിക

Vol. 7 • Issue 2
August 2013

PRIVATE CIRCULATION ONLY

**ST. JOHN'S HOSPITAL
KATTAPPANA SOUTH P.O.
IDUKKI DT., KERALA**

Tel: 04868 - 272230, 273230
Fax : 251700

E-mail: mail@stjohns.co.in
www.stjohns.co.in

ചീഫ് എഡിറ്റർ
**ബ്രദർ പയസുകുട്ടി ഒ. എച്ച്.**

എഡിറ്റർ
**ശ്രീ. ജോസ് പുതുപ്പറമ്പിൽ**

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
**ബ്ര. പ്രകാശ് O.H.**
**ശ്രീ. എം. എം. ജോസഫ്**
(സെന്റ് ജോർജ് എച്ച്. എസ്. എസ്.)
**ഡോ. മാത്യു ജേക്കബ്ബ്**
**സി. റോസി ജോസഫ് S.C.J.G.**

DTP
St. John's Communications
Kattappana

Layout & Printing
S.R. Graphics, Kottayam
Tel : 0481 - 2301142

# ഭരണ മികവിന്റെ ആഘോഷം

കള്ളവും ചതിയുമില്ലാത്ത നല്ല നാളുകളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽകൂടി പൊന്നോണം വരവായി. ഓണപ്പൂക്കളവും ഓണപ്പാട്ടും തുമ്പിതുള്ളലും പുലികളിയും വള്ളംകളിയുമെല്ലാം മലയാളികൾക്ക് സുപരിചിതമാക്കുന്നത് ഇത്തരം ഓണാഘോഷങ്ങളാണ്. രാഷ്ട്രീയകോലാഹലങ്ങളും പ്രകൃതി ദുരന്തങ്ങളും പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത വേർപാടുമെല്ലാം മലയാളനാടിനെ നൊമ്പരപ്പെടുത്തുന്ന വേളയിലാണ് ഇത്തവണ ഓണം വന്നുചേരുന്നത്. എങ്കിലും ഓണത്തിന്റെ സന്ദേശം മലയാളികൾക്ക് പ്രതീക്ഷ പകർന്നു നൽകുന്നു. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനും അതീതമായി ചിന്തിക്കുന്ന, എല്ലാവരെയും ഒരുപോലെ കണ്ടുകൊണ്ട് ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന ഒരു കേരളീയ സമൂഹത്തെയാണ് ഓണം നമുക്കുമുമ്പിൽ വരച്ചുകാണിക്കുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽ ഒത്തൊരുമയോടെ പ്രവർത്തിക്കുമ്പോൾ ഏതുപ്രശ്നത്തെയും നിഷ്പ്രയാസം മറികടക്കാൻ സാധിക്കും. മഹാബലിയുടെ ഭരണകാലഘട്ടത്തെ കേരളത്തിന്റെ സുവർണ്ണകാലഘട്ടം എന്നാണ് വിശേഷിപ്പിക്കുന്നത്. സത്യത്തിനുവേണ്ടി നിലകൊള്ളുകയും വാഗ്ദാനങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്ത വ്യക്തിയാണ് മഹാബലി.

കള്ളമോ ചതിയോ ഒന്നുമില്ലാതെ മനുഷ്യരെല്ലാം ഒത്തൊരുമയോടെ ആമോദത്തോടുകൂടെ വസിച്ചിരുന്ന മഹാബലിയുടെ ഭരണകാലഘട്ടം ഓരോ ഓണാഘോഷവേളയിലും മലയാളിയുടെ മനസ്സിനെ വിപ്ലവ ചിന്തകൾകൊണ്ട് നിറയ്ക്കണം. പരസ്പരം ചെളിവാരിയെറിയാനും തേജോവധം ചെയ്യാനും ഇല്ലായ്മ ചെയ്യാനും തത്രപ്പെടുന്ന ഇന്നത്തെ വിലകുറഞ്ഞ രാഷ്ട്രീയ സംസ്കാരത്തിന് ഓണചിന്തകൾ വെല്ലുവിളികളുണർത്തുന്നു. അതിനുവേണ്ടി ഒരുമ്പെട്ടിറങ്ങുന്നവർ ആരായിരുന്നാലും അത്തരക്കാർക്ക് ഓണമാഘോഷിക്കാനുള്ള യോഗ്യതയുണ്ടോ എന്ന് ആരെങ്കിലും ചിന്തിച്ചാൽ അതിൽ അത്ഭുതപ്പെടാനില്ല.

ഗാന്ധിജി മാരകമായ ഏഴു പാപങ്ങളെപ്പറ്റി പറഞ്ഞു. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം, അദ്ധ്വാനിക്കാതെ ആർജ്ജിക്കുന്ന ധനം, സ്വഭാവശുദ്ധിയെ അവഗണിക്കുന്ന വിജ്ഞാനം, മനസ്സാക്ഷിക്ക് യോജിക്കാത്ത സുഖാനുഭവം, ധാർമിക ചിന്തയില്ലാത്ത വ്യാപാരം, മനുഷ്യത്വം മറക്കുന്ന ശാസ്ത്രം, ത്യാഗമില്ലാത്ത ഈശ്വരാരാധന. ഇന്ന് എല്ലാ മേഖലകളിലും മുഴച്ചുകാണുന്നത് ഈ പാപങ്ങളുടെ അതിപ്രസരമാണ്. ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായി എല്ലാവരെയും ഒന്നിച്ചു ചേർക്കാനും നാടിന്റെ വളർച്ചക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് ഓണം നമുക്ക് നൽകുന്നത്. കേരളത്തിലെ മാറിമാറി വരുന്ന രാഷ്ട്രീയ നേതാക്കൻമാർക്ക് ഇതു സാധ്യമായാൽ നമ്മുടെ ഓണാഘോഷങ്ങൾ അർത്ഥവത്തായി മാറും. അല്ലെങ്കിൽ ഈ ഓണാഘോഷവും വെറും വേഷം കെട്ടലായിത്തീരും. ജാതി മത സാമുദായിക ചിന്തകൾക്കും രാഷ്ട്രീയത്തിനും വർഗ്ഗവിവേചനത്തിനും അതീതമായി ജനങ്ങളെ ഒറ്റക്കെട്ടായി നിർത്താൻ സാധിക്കണമെങ്കിൽ ആദ്യം രാഷ്ട്രീയ നേതാക്കൻമാർ തന്നെ ഇത്തരം ചിന്തകൾ വെടിഞ്ഞ് ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം പിശാചുക്കളുടെ നാടായി മാറാതിരിക്കാൻ മാനുഷിക മൂല്യങ്ങളും ധാർമ്മിക ബോധവും ചിന്തകളും വളർത്തി ഒത്തൊരുമയോടെ ഉണർന്നു പ്രവർത്തിക്കണം.

കള്ളമോ ചതിയോ അപകടങ്ങളോ ഭീഷണിയോ ഒന്നുമില്ലാത്ത, ജാതി മത വർഗ്ഗ വിവേചനങ്ങളില്ലാതെ എല്ലാവരും ഒന്നുപോലെ ആമോദത്തോടെ ജീവിക്കുന്ന നല്ല ഒരു നാടിനായി പ്രവർത്തിക്കാൻ ഈ ഓണാഘോഷം നമുക്ക് പ്രചോദനമാകട്ടെ. ഏവർക്കും തിരുവോണത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.



**ബ്രദർ പയസുകുട്ടി ഒ. എച്ച്.**
ചീഫ് എഡിറ്റർ

# ഫോർത്തുനാത്തൂസ് മെന്റൽ ഹെൽത്ത് സെന്റർ

## പ്രവർത്തനം ആരംഭിച്ചു





ആതുരസേവനരംഗത്ത് ഹൈറേഞ്ചിന്റെ നെടുംതൂണായി കഴിഞ്ഞ നാൽപ്പതു വർഷക്കാലമായി പ്രവർത്തിക്കുന്ന കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ 2007 മെയ് മാസം 15-ാം തീയതി മുതൽ മാനസികരോഗികൾക്കായി ചികിത്സാ സൗകര്യം ആരംഭിച്ചു.

നാഷണൽ സർവെ പ്രകാരം ഇന്ത്യൻ ജനതയുടെ 2.6 ശതമാനം മാനസികരോഗം ഉള്ളവരായി കണക്കാക്കപ്പെടുന്നു. ഇവർക്ക് ചികിത്സ ലഭ്യമാക്കുവാൻ വേണ്ടത്ര ആശുപത്രികളോ മറ്റ് ചികിത്സാ സംവിധാനങ്ങളോ ഇന്ന് വിരളമാണ്. പൊതുമേഘലയിൽ മാനസികരോഗീചികിത്സക്കായി ഇന്ത്യയിലാകമാനം ഏതാണ്ട് 40 ആശുപത്രികൾ മാത്രമാണ് ഉള്ളത്. ഇവയിലെല്ലാമായി ഏകദേശം 20,000 ബെഡ്ഡുകൾ മാത്രം. കഴിഞ്ഞ 30 വർഷങ്ങളായി പൊതുമേഘലയിൽ ഈ രംഗത്ത് പുതുതായി ഒരാശുപത്രിപോലും തുടങ്ങിയിട്ടില്ല എന്നുള്ളത് നിരാശാജനകമായ ഒരു വസ്തുതയാണ്. നിലവിലുള്ള ആശുപത്രികളിലാകട്ടെ വേണ്ടത്ര സൗകര്യങ്ങളോ ജോലിക്കാരോ ഇല്ല. ഇന്ന് കേരളാ സർക്കാരിന്റെ അധീനതയിൽ 3 മാനസികരോഗ ചികിത്സാകേന്ദ്രങ്ങൾ മാത്രമാണുള്ളത്. കട്ടപ്പന നിവാസികൾക്ക് മാനസികരോഗ ചികിത്സക്കായി ഏകദേശം 100 കി.മി. യാത്രചെയ്യേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഹൈറേഞ്ചിൽ ഏകദേശം 50,000 മാനസീകരോഗികൾ ഉണ്ടെന്നാണ് കണക്ക്. പ്രായ, ലിംഗ ഭേദമന്യേ എല്ലാ വ്യക്തികളിലും ഈ രോഗം വരാം. പ്രത്യേകിച്ച് ഹൈറേഞ്ചിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത, ലഹരിമരുന്നുകളുടെ അമിതമായ ഉപയോഗം ഇവയെല്ലാം സൂചിപ്പിക്കുന്നത് ഈ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ ഇവർക്ക് ചികിത്സാസൗകര്യം അനിവാര്യമാണെന്ന് മനസ്സിലാക്കിയതിനാലാണ് കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ ഈ രംഗത്ത് ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ തയ്യാറാകുന്നത്.

തുടക്കത്തിൽ 2 മാനസികരോഗചികിത്സാ വിദഗ്ധരും, കിടത്തി ചികത്സിക്കുന്നതിനുള്ള സൗകര്യങ്ങളുമായി 2007 ൽ പ്രവർത്തനം ആരംഭിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ കട്ടപ്പന അമ്പലക്കവലയ്ക്കു സമീപം മാനസികരോഗീ ചികിത്സക്കായി പുതിയ ഒരാശുപത്രിയും ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുവാൻ സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തിന് നന്ദിപറയുന്നു.

**ബ്രദർ പയസ് മണിത്തൊട്ടിയിൽ**
ഡയറക്ടർ





**ഡോ. നിഷാന്ത് പോൾ**
ന്യൂറോ സർജ്ജൻ

# ഷെഫീക്ക് ജീവിതത്തിലേക്ക്

പിതാവിന്റെയും രണ്ടാനമ്മയുടേയും പീഡനമേറ്റ് മരണാസന്നനായ ഒരു കുട്ടിയെ കുമിളിയിൽ നിന്നും ജൂലൈ 15–ാം തീയതി രാവിലെ 11.50 ഓടു കൂടി ഈ ഹോസ്പിറ്റലിൽ കൊണ്ടു വന്നു. പോലീസുകാരുടെ ചോദ്യം ചെയ്യലിൽ മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. കഴിഞ്ഞ കുറേ മാസങ്ങളായി കുട്ടി അനുഭവിച്ചുകൊണ്ടിരുന്ന വേദനയുടേയും പീഡനത്തിന്റെയും കഥകൾ വെളിയിൽ വന്നപ്പോൾ മലയാളിയുടെ ഹൃദയം തേങ്ങി. ആശുപത്രിയിൽ നിന്നും പണത്തിന്റെ കുറവുകൊണ്ട് കുട്ടിയെ കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ ആശുപത്രി ഡയറക്ടർ ബ്രദർ ബൈജു ചാക്കോ വാലുപറമ്പിൽ കുട്ടിയുടെ ചികിത്സാ ചിലവുകൾ പൂർണ്ണമായും ഹോസ്പിറ്റൽ ഏറ്റെടുത്തിരിക്കുന്നുവെന്നും കുട്ടിയ്ക്ക് കൊടുക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല ചികിത്സ നൽകുമെന്നും അറിയിച്ചു.

സെന്റ് ജോൺസ് ഹോസ്പിറ്റലിലെ ഡോക്ടർമാരും നേഴ്സുമാരും അടങ്ങിയ സംഘം കണ്ണിമവെട്ടാതെ ഷെഫീക്കിന്റെ തിരിച്ചുവരവിനായി കാത്തിരുന്നു. അവനെ ആശ്വസിപ്പിക്കുവാനും അമ്മയെപ്പോലെ ആശ്ലേഷിക്കുവാനും താലോലിക്കാനും നേഴ്സുമാർ മത്സരിക്കുകതന്നെ ചെയ്തു.

ഇന്ന് ഷെഫീക്ക് ജീവിതത്തിലേക്ക് തിരിച്ചെത്തുകയാണ്. ജനലക്ഷങ്ങളുടെ പ്രാർത്ഥന ഫലിച്ചു എന്നതാണ് സത്യം. സംഭവത്തിന് വൻ മാധ്യമശ്രദ്ധ ലഭിക്കുമെന്നോ ഗവൺമെന്റ് ഇടപെടുമെന്നോ അറിയുന്നതിനുമുമ്പേതന്നെ ആശുപത്രി അധികൃതർ കുട്ടിക്ക് വേണ്ട ചികിത്സാ സഹായം നൽകുവാൻ തയ്യാറായി എന്ന കാര്യം അഭിനന്ദനാർഹമാണ്. കുട്ടിക്ക് പീഡനമേറ്റ സംഭവത്തിന് വൻ വാർത്താ പ്രാധാന്യം ലഭിച്ചതോടെ എന്തു വിലകൊടുത്തും കുട്ടിയുടെ ജീവൻ രക്ഷിക്കണമെന്ന ആവശ്യം രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്നുയർന്നു. കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രിയിലേക്ക് മാറ്റണമെന്ന വാദവും ഉണ്ടായി. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ടു. കോട്ടയം മെഡിക്കൽ കോളേജിൽനിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സംഘം ആശുപത്രിയിലെ വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ പരിശോ



**എം. അനിൽകുമാർ**
പ്രതീക്ഷാഭവൻ

# ചക്രവാകം

ജീവിതത്തോണി ആടി ഉലയുന്നു
എൻ ജീവനാകും നദി പിന്നോട്ടൊഴുകുന്നു
ആഴിയും ആഴവും ഇന്നെന്റെ ചുറ്റിലും
നിറയുന്നു അന്ധകാരം ഇന്നെന്നെ പൊതിയുന്നു.
ഞെട്ടിത്തരിച്ചു ഞാൻ ചുറ്റും തിരിയവേ
അന്ധതകൊണ്ട് മൂടുന്നു എൻ കണ്ണുകൾ
പൊട്ടിക്കരയുവാൻ വെമ്പുന്ന ഹൃത്തടം
പട്ടടതീർക്കുന്നു അഗ്നിച്ചിറകുകൾ
ഒരായിരം അഗ്നി നാവുകൾ പോലുള്ള
കൂരമ്പുകൾ എൻ ഹൃദയം
കീറിമുറിക്കുന്നു ഉതിരുന്നു രുധിരം പിടയുന്നു
പ്രാണൻ വലയുന്നു ജീവൻ പിടയുന്നു ദേഹം
കാലമാം ജീവിത കാണാ പെരുംതോണി
തുഴഞ്ഞു ഞാൻ കാലത്തിൻ കർമ്മകാണ്ഡങ്ങൾ
തിരയവേ കണ്ടെത്തിയില്ല ഞാൻ ഒന്നും
ഇതുവരേ കാലത്തിൻ മിഥ്യകളല്ലാതെ
ഒന്നുമേ കാലചക്രങ്ങൾ മുന്നോട്ടു തള്ളവേ
കാലാന്തരങ്ങൾ പിന്നിട്ടൊരീ ജീവിതം
കാരുണ്യ നാഥാ കനിവിൻ പൊരുളേ
ഒരു തിരി വെട്ടം എൻ നേർക്കുനീട്ടുമോ

## പുതുതായി ചുമതലയേറ്റ ഡോക്ടർമാർ

**ഡോ. ധർമ്മാഭായി MBBS, DDVL**
**ത്വക്ക് രോഗ വിഭാഗം**

**ഡോ. ശരവണകുമാർ MBBS, DPM, MD**
**മാനസികരോഗ വിഭാഗം**

**ഡോ. പ്രശാന്ത് സി.ഡി MBBS, DLO**
**ഇ.എൻ.ടി വിഭാഗം**

**ഡോ. ഐശ്വര്യ കെ. ഉണ്ണി MBBS, MS**
**ജനറൽ സർജ്ജറി**

**ഡോ. ശ്രീഹരി എൻ. MBBS, MS (Ortho)**
**ഓർത്തോപീഡിക്സ് വിഭാഗം**

**ഡോ. മിർണ കെ. MBBS, MD**
**നിയോനറ്റോളജി**



ധിച്ച് സംതൃപ്തി രേഖപ്പെടുത്തി. ഡയറക്ടർ ബ്രദർ ബൈജുവിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലാ കളക്ടർ, ബ്രദർ തോമസ് കാഞ്ഞിരമൂട്ടിൽ, ഫിനാൻസ് മാനേജർ ജേക്കബ് കോര എന്നിവരും ഞാനും ഉൾപ്പെടുന്ന ഒരു ടീം രൂപീകരിച്ചു. ഇവർ വിദഗ്ധ ഡോക്ടർമാരുമായി ബന്ധപ്പെട്ട് കുട്ടിയുടെ ജീവൻ രക്ഷിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു.

തലച്ചോറിന്റെ പ്രവർത്തനം ഏതാണ്ട് പൂർണ്ണമായി നിലച്ചിരുന്നതിനാൽ കുട്ടി രക്ഷപെടാനുള്ള സാധ്യത 10 ശതമാനത്തിൽ താഴെ മാത്രമേ ഉണ്ടായിരുന്നുള്ളു. കേരളത്തിലെ മുന്തിയ ആശുപത്രികളിൽ മാത്രം ലഭ്യമായതും ജർമ്മൻ നിർമ്മിതവുമായ ആധുനിക വെന്റിലേറ്ററിലാണ് ഷെഫീക്കിനെ പ്രവേശിപ്പിച്ചത്. കുട്ടിയുടെ അവസ്ഥ ആദ്യ ദിവസങ്ങളിൽ ഒട്ടും ആശാവഹമായിരുന്നില്ല. ക്രമേണ ആരോഗ്യനിലയിൽ നേരിയ പുരോഗതി കണ്ടു. ഒരു ചലനവും ഇല്ലാതിരുന്ന കുട്ടി ഒരു ദിവസം കാലുകൾ മെല്ലെ ചലിപ്പിച്ചു. ആരോഗ്യ നിലയിൽ പുരോഗതി വന്നുതുടങ്ങിയപ്പോൾ ദ്രവരൂപത്തിലുള്ള ഭക്ഷണവും പ്രോട്ടീനുകളും നൽകിക്കൊണ്ടിരുന്നു. ഒരു തരത്തിലുള്ള അണുബാധയും ഏൽക്കാതിരിക്കുന്നതിന് എല്ലാവിധ മുൻകരുതലുകളും സ്വീകരിച്ചിരുന്നു. ഷെഫീക്കിനെ പ്രവേശിപ്പിച്ച ഉടൻ മറ്റ് രോഗികളെ ആ യൂണിറ്റിൽനിന്നും മാറ്റി. കുട്ടിയുടെ ജീവൻ രക്ഷിക്കുന്നതിന് അതിപ്രധാനമായിരുന്നു നേഴ്സിംഗ് പരിചരണം. സിസ്റ്റർ ബിൻസിയുടെ നേതൃത്വത്തിലുള്ള നേഴ്സിംഗ് സ്റ്റാഫ് കണ്ണിമവെട്ടാതെ രാപ്പകൽ ഷെഫീക്കിനെ പരിചരിച്ചു.

ഷെഫീക്കിനെ വെന്റിലേറ്ററിൽ നിന്നും അത്യാധുനിക സജ്ജീകരണങ്ങളുള്ള റൂമിലേക്കുമാറ്റി. രണ്ടാം ഘട്ട ചികിത്സയുടെ ഭാഗമായി ഫിസിയോതെറാപ്പി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തു. ഈ ഘട്ടത്തിൽ കുട്ടി കണ്ണുതുറക്കാനും ചെറിയ ശബ്ദങ്ങൾ പുറപ്പെടുവിക്കാനും തുടങ്ങി.

മൂന്നാം ഘട്ട ന്യൂറോ റീഹാബിലിറ്റേഷൻ ചികിത്സയിലൂടെ മാത്രമേ കുട്ടിയെ പൂർണ്ണമായും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ കഴിയൂ എന്നുള്ള കാര്യം മനസ്സിലാക്കിയതിനാൽ ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ആഗസ്റ്റ് മാസം 10 -ാം തീയതി സെന്റ് ജോൺസ് ഹോസ്പിറ്റലിലെ വിദഗ്ധ ഡോക്ടർമാർ അടങ്ങിയ ടീമിന്റെ നേതൃത്വത്തിൽ കുട്ടിയെ വെല്ലൂരുള്ള സി.എം.സി ഹോസ്പിറ്റലിലേക്ക് മാറ്റി.

ഷെഫീക്കിന്റെ തിരിച്ചുവരവിനായി എന്നോടൊപ്പം നിന്ന ആശുപത്രി മാനേജുമെന്റിനും ഡോക്ടർമാർക്കും, സെന്റ് ജോൺസ് ഹോസ്പിറ്റലിലെ സ്റ്റാഫിനും മാധ്യമ സുഹൃത്തുക്കൾക്കും, നല്ലവരായ നാട്ടുകാർക്കും എന്റെ ഹൃദയംഗമമായ നന്ദി ഞാൻ അറിയിക്കുന്നു.

# വേലിതന്നെ വിളവ് നശിപ്പിച്ചാൽ



**ജേക്കബ് കോര**
ഫിനാൻസ് മാനേജർ



കുഞ്ഞുങ്ങളുടെ സംരക്ഷകരും രക്ഷിതാക്കളുമായ മാതാപിതാക്കൾതന്നെ കുഞ്ഞുങ്ങളെ ഇല്ലായ്മ ചെയ്യുന്നു എന്നു കേൾക്കുമ്പോഴും അതിലുപരി അതു നേരിൽ കാണുമ്പോഴും മനുഷ്യജീവന്റെ വില മറ്റു ജീവജാലങ്ങളേക്കാൾ എത്രയോ തരം താഴ്ന്നിരിക്കുന്നു എന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

ഒരു രോഗിയോട് പ്രത്യേകിച്ച് കുഞ്ഞുങ്ങളെ രോഗാവസ്ഥയിൽ ആശുപത്രിയിൽ എത്തിക്കുമ്പോൾ അവനു സ്വമേധയാ സംസാരിക്കുവാൻ സാധിക്കുന്ന അവസ്ഥയാണെങ്കിൽ രോഗവിവരം രോഗി തന്നെ വിശദീകരിക്കുന്നു, എന്നാൽ രോഗിക്ക് സംസാരശേഷി ഇല്ലാത്ത അവസ്ഥയാണെങ്കിൽ രോഗിയെ ആശുപത്രിയിൽ എത്തിക്കുന്നവർ രോഗവിവരം ഡോക്ടറെ ധരിപ്പിക്കും. ഇതനുസരിച്ചാണ് മുന്നോട്ടുള്ള ചികിത്സകൾ തീരുമാനിക്കുന്നത്.

ഷെഫീക്കിന്റെ കാര്യത്തിൽ കാര്യങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. അവന് സംസാരശേഷി പോയിട്ട് ശ്വസിക്കുവാൻപോലും പറ്റാത്ത അവസ്ഥയായിരുന്നു. ഷെഫീക്കിനെ കുമളിയിലെ സ്വകാര്യ ആശുപത്രിയിൽ നിന്നും റഫർ ചെയ്ത ഡോക്ടർ റഫറൻസ് ലെറ്ററിൽ എഴുതിയത് കുട്ടി തീർത്തും അത്യാസന്ന നിലയിലായിരുന്നു എന്നതാണ്.

കുട്ടി രണ്ടുദിവസം മുൻപ് വീട്ടിലെ സ്റ്റെപ്പിൽനിന്നും വീണു എന്നാണ് കുട്ടിയെയും കൊണ്ടുവന്ന മാതാപിതാക്കൾ ഡോക്ടറോട് പറഞ്ഞത്. എന്നാൽ ഇത് ഡോക്ടർമാർക്ക് വിശ്വസനീയമായി തോന്നിയില്ല. കാരണം കുട്ടിയുടെ ദേഹത്തും തലയിലുമുണ്ടായിരുന്ന ക്ഷതങ്ങൾ ഇതിനെതിരായിരുന്നു. തുടർന്നു നടത്തിയ വിദഗ്ധ പരിശോധനയിൽ കുട്ടിയുടെ ശരീരമാസകലം മുറിവിന്റെയും ചതവിന്റെയും വടുക്കൾ ഡോക്ടർമാർ കണ്ടെത്തി. മാതാപിതാപിതാക്കളുടെ ഇതിനെപറ്റിയുള്ള വിശദീകരണം പരസ്പര വിരുദ്ധമായിരുന്നു.

വൈകുന്നേരം ഏതാണ്ട് 6 മണിയോടുകൂടി കുട്ടിയെ പരിശോധിച്ച ഡോക്ടർ എന്റെ ഓഫീസിലെത്തി നടന്ന സംഭവങ്ങൾ വിവരിക്കുകയുണ്ടായി. ഇതനുസരിച്ച് ഐ.സി.യു.വിൽ പ്രവേശിപ്പിച്ചിരുന്ന കുട്ടിയെ ഞാൻ കണ്ടു. പരിശോധിച്ച ഡോക്ടർമാർക്ക് ഉണ്ടായ സംശയങ്ങൾ സ്ഥിരീകരിക്കുന്നതായിരുന്നു ഞാൻ കണ്ട കാഴ്ചകൾ. കുട്ടിയുടെ രണ്ടു കാലുകളും ഒടിഞ്ഞിരുന്നു. ശരീരമാസകലം പൊള്ളലിന്റെയും മുറിവുകളുടേയും പാടുകൾ. തലയിലുണ്ടായ മാരകമായ ക്ഷതം നിമിത്തം കുട്ടി അർദ്ധപ്രാണനായിരുന്നു. ഏതൊരു കഠിന ഹൃദയന്റെയും കരളലിയിക്കുന്ന കാഴ്ചകളായിരുന്നു അത്.

എന്റെ സുഹൃത്തും ഇടുക്കി ചൈൽഡ് വെൽഫയർ ചെയർമാനുമായ ശ്രീ. ഗോപാലകൃഷ്ണൻ അവറുകളെ ഞാൻ ഫോണിൽ വിളിച്ച് കുട്ടിയുടെ കാര്യങ്ങൾ അവതരിപ്പിച്ചു. ഉടൻതന്നെ അദ്ദേഹം തന്റെ സഹപ്രവർത്തകരെയും പോലീസിനെയും മീഡിയ പ്രവർത്തകരെയും വിവരം അറിയിച്ചു. 10 മിനുട്ടിനുള്ളിൽതന്നെ കട്ടപ്പന സബ് ഇൻസ്പെക്ടർ സോൾജിമോന്റെ നേതൃത്വത്തിലുള്ള ടീം ആശുപത്രിയിലെത്തി കുട്ടിയെ പരിശോധിക്കുകയും അച്ഛനേയും രണ്ടാനമ്മയേയും ചോദ്യം ചെയ്യുകയും ചെയ്തു.

ഷെഫീക്കിന്റെ രോഗവിവരത്തെക്കുറിച്ച് പിതാവും രണ്ടാനമ്മയും പോലീസിനോട് വിശദീകരിച്ചത് അവർക്ക് തൃപ്തികരമായി തോന്നിയില്ല. ഡോക്ടർമാരുടെ വിദഗ്ധാഭിപ്രായങ്ങളിൽനിന്നും കുട്ടി അതിക്രൂരമായി പീഡനത്തിന് ഇരയാവുകയായിരുന്നെന്ന് പോലീസുകാർക്ക് ബോധ്യമായി.

ഗോപാലകൃഷ്ണൻ സാറുമായുണ്ടായിരുന്ന വ്യക്തിബന്ധത്തിന്റെ പേരിൽ മാത്രമായിരുന്നു ഞാൻ ആദ്യം ഈ വിവരം അദ്ദേഹത്തെ ധരിപ്പിച്ചത്. എന്നാൽ ആ ഫോൺ കോൾ ഒരു നിമിത്തമായിരുന്നെന്ന് ഇന്ന് ഞാൻ വിശ്വസിക്കുന്നു. അന്നങ്ങനെ വിളിക്കാൻ തോന്നിയില്ലായിരുന്നെങ്കിൽ നൂറുകണക്കിന് പീഡിപ്പിക്കപ്പെടുന്ന, നീതിലഭിക്കാത്ത ബാല്യങ്ങളുടെ കൂട്ടത്തിൽ ഷെഫീക്കും ഒരാളായി മാറുമായിരുന്നു.



ജന്മം കൊടുത്ത മാതാപിതാക്കളാൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട ഷെഫീക്കിന് സെന്റ് ജോൺസ് ഹോസ്പിറ്റലിലെ ജീവനക്കാർ എല്ലാമെല്ലാമായി. കുട്ടിയെ ഇവിടെ പ്രവേശിപ്പിച്ചപ്പോൾ മുതലുള്ള ഓരോ നിമിഷവും അടയാത്ത കണ്ണുകളും തളരാത്ത മനസ്സുമായി ആശുപത്രിയുടെ ഡയറക്ടർ മുതൽ എല്ലാ സ്റ്റാഫുകളും ഷെഫീക്കിന്റെ തിരിച്ചുവരവിനായി അക്ഷീണം ശുശ്രൂഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ജീവിതത്തിൽ ഒരായുഷ്ക്കാലം കൊണ്ട് അനുഭവിക്കേണ്ട യാതനകൾ ഈ 5 വയസ്സിനുള്ളിൽതന്നെ അനുഭവിക്കേണ്ടിവന്ന ഈ പിഞ്ചോമന ഇന്ന് ഇവിടെ ഓരോരുത്തരുടെയും വേദനയായി മാറി. ഒരു നാടിന്റെ മുഴുവൻ പ്രാർത്ഥനയും കാത്തിരിപ്പുമുണ്ട് അവന്റെ തിരിച്ചുവരവിനായി. തന്നെ ദ്രോഹിച്ച തന്റെ മാതാപിതാക്കളെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനുമായി അവൻ തിരിച്ചുവരും.

ഷെഫീക്കിന്റെ ദാരുണമായ സ്ഥിതി പുറംലോകം അറിഞ്ഞപ്പോൾ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനം ആശുപത്രിയിലേക്ക് ഒഴുകി. സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ നേതാക്കൻമാർ കുട്ടിയെ സന്ദർശിച്ചു. വിവിധ മതനേതാക്കൻമാരുടെ നേതൃത്വത്തിൽ കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെടുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനകൾ നടന്നു.

ചികിത്സിക്കുന്നതിനുള്ള പണം ഇല്ലാത്തതിനാൽ കുട്ടിയുടെ മാതാപിതാക്കൾ കുട്ടിയെ മറ്റൊരു ആശുപത്രിയിലേക്കു മാറ്റുവാൻ ശ്രമിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ആശുപത്രി ഡയറക്ടർ ബ്രദർ ബൈജു വാലുപറമ്പിൽ കുട്ടിയുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും ആശുപത്രി ഏറ്റെടുക്കുന്നു എന്നുള്ള വിവരം അറിയിച്ചു. ഇത് ഷെഫീക്കിന്റെ ജീവിതത്തിലേക്കുള്ള ആദ്യത്തെ ചുവടു വയ്പ്പായിരുന്നു.

ഡോ. നിശാന്ത് പോൾ (ന്യൂറോ സർജ്ജൻ), ഡോ. വിനോദ് ജെ കുര്യാക്കോസ് (പിഡായാട്രീഷൻ), ഡോ. ജോസുകുട്ടി, ഡോ. പ്രദീപ് തോമസ്, ഡോ. ജെറി തോമസ് (അനസ്തെറ്റിസ്റ്റ്), ഡോ. സി. റാണിറ്റ (പിഡിയാട്രീഷൻ), ഡോ. രവികാന്ത് (ജനറൽ സർജ്ജൻ), ഡോ. ദിലു വി.പി (കാർഡിയോളജിസ്റ്റ്), ഡോ. സോണിയ (പൾമണൊളജിസ്റ്റ്) ഡോ. ചെറിയാൻ (റേഡിയോളജിസ്റ്റ്) തുടങ്ങിയ ഡോക്ടർമാരുടെ സംഘവും സി. ബിൻസിയുടെ നേതൃത്വത്തിലുള്ള നേഴ്സിംഗ് സ്റ്റാഫും ഷെഫീക്കിന്റെ തിരിച്ചുവരവിനായി അവിശ്രാന്തം പരിശ്രമിച്ചു.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി നിരന്തരം ഫോണിൽ വിളിച്ച് കുട്ടിയുടെ ആരോഗ്യനിലയെപ്പറ്റി സംസാരിച്ചിരുന്നു. മന്ത്രിമാരായ ശ്രീ എം. കെ. മുനീറും, ഷിബു ബേബി ജോണും ആശുപത്രിയിൽ എത്തി കുട്ടിയെ കാണുകയും എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട ഇടുക്കി ജില്ലാ കളക്ടർ ശ്രീ. അജിത് പാട്ടീലിന്റെ നിർദ്ദേശപ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽനിന്നുള്ള വിദഗ്ധ സംഘം കുട്ടിയെ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

നമ്മുടെ രാജ്യം ഭക്ഷ്യ സുരക്ഷാബിൽ പാസ്സാക്കിയപ്പോഴും ഇവിടെ തന്റെ ജീവൻ നിലനിർത്തുന്നതിനാവശ്യമായ ഒരു നുള്ളു ഭക്ഷണത്തിനായി വിതുമ്പുന്ന ഷെഫീക്കുമാർ ഉണ്ടെന്നുള്ള വിവരം വിസ്മരിക്കപ്പെടുന്നു. മാതാപിതാക്കൾ കുസൃതികാട്ടുന്ന കുട്ടികളെ ശാസിക്കണം അതിരുകടന്നാൽ ശിക്ഷിക്കണം. പക്ഷേ കുട്ടികൾ ചെയ്യുന്ന തെറ്റും അവരുടെ പ്രായവും നോക്കണം. ഷെഫീക്കിന്റെ കഥ പുറം ലോകമറിഞ്ഞപ്പോൾ അവരുടെ പ്രതികരണങ്ങൾ വ്യത്യസ്തമായിരുന്നു. അമ്മമാർ തേങ്ങി, അയൽവാസികൾ രോഷാകുലരായി, പ്രതികളെ കയ്യേറ്റം ചെയ്യാൻവരെ ആളുകൾ തയ്യാറായി. ഷെഫീക്കിന്റേത് ഒറ്റപ്പെട്ട സംഭവമല്ല. ഷെഫീക്കിനെ പോലെതന്നെ പീഡനങ്ങൾക്കു വിധേയരാകുന്ന അനേകം കുരുന്നുകൾ ഇന്ന് നമുക്കു ചുറ്റുമുണ്ട്.

മരണത്തെ മുഖാമുഖം കണ്ട ഷെഫീക്ക് ഇന്ന് ജീവിതത്തിലേക്ക് പതുക്കെ പതുക്കെ തിരിച്ചുവരുകയാണ്. സർവ്വശക്തനായ ദൈവത്തിന്റെ അദൃശ്യമായ ഒരു കരം ഈ കുട്ടിയുടെ കൂടെയുണ്ടായിരുന്നു. ഈ കുട്ടിയിലൂടെ ലോകത്തോട് എന്തോ വലിയ കാര്യം പറയാനുള്ളതുപോലെ.

ഡോ. നിശാന്ത് പോളിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമും ആശുപത്രിയിലെ മുഴുവൻ ജീവനക്കാരും രണ്ടാഴ്ചയായി ഷെഫീക്കിന്റെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. അപകട നില ഇനിയും തരണം ചെയ്തിട്ടില്ലാത്ത ഷെഫീക്കിന്റെ അരോഗ്യനില എത്രയും വേഗം സാധാരണ നിലയിലേക്ക് മടങ്ങിവരുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കുട്ടിയുടെ ആരോഗ്യനിലയെപ്പറ്റി തിരക്കിക്കൊണ്ടുള്ള ധാരാളം ഫോൺ കോളുകളും കത്തുകളും വരുന്നുണ്ട്. എല്ലാവരോടും നന്ദി പറയുകയും, തുടർന്നും പ്രാർഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## സൗജന്യ നേത്രചികിത്സാ ക്യാമ്പും തിമിര ശസ്ത്രക്രിയയും നടത്തി

കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും ജില്ലാ അന്ധതാനിവാരണ സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ ജില്ലയുടെ വിവിധ സ്ഥലങ്ങളിൽവച്ച് സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടത്തി. ക്യാമ്പിൽ നൂറുകണക്കിന് രോഗികൾ പങ്കെടുത്തു. 95 പേരെ സൗജന്യമായി ശസ്ത്രക്രിയയ്ക്കു വിധേയരാക്കി.

# ബാലപീഡനം.....
# ചൈൽഡ് അബ്യൂസ്....
# ബാറ്റേർഡ് ചൈൽഡ് സിൻഡ്രോം



**ഡോ. അനിൽ പ്രദീപ് MBBS, DGM**
ജനറൽ മെഡിസിൻ



മനസ്സ് മരവിച്ചിരിക്കുന്ന തരത്തിൽ അഞ്ച് വയസ്സ് മാത്രം പ്രായമുള്ള ഒരു കുട്ടിയോടു കാട്ടിയ ക്രൂരതകളും മറ്റ് സംഭവ വികാസങ്ങളും ഈ അടുത്ത കാലത്ത് നമ്മൾ കണ്ടു കഴിഞ്ഞു. സ്വന്തം വീട്ടിൽ നിന്നു തന്നെ ഇങ്ങനെ സംഭവിക്കുന്നു എന്നറിയുമ്പോൾ ആ വീട് ഒരു പീഡനമുറികളുടെ തടവറ ആയിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെയുള്ള ക്രൂരതയുടെ വാർത്തകൾ കൂടുതൽ കൂടുതൽ നാം കേട്ടു തുടങ്ങിയിരിക്കുന്നു. അതിനാൽ ഈ വിഷയത്തെക്കുറിച്ച് ഉറക്കെ ചിന്തിക്കുകയും, ഉണർന്നു പ്രവർത്തിക്കുകയും ചെയ്യണം. കുട്ടികളോടുള്ള ക്രൂരകൃത്യങ്ങൾ വെറുമൊരു തമാശയല്ലെന്നും അത് ഗുരുതരമായ കുറ്റകൃത്യമാണെന്നും അത് ചെയ്യുന്നവർ കുറ്റവാളികളാണെന്നും ഉള്ള അവബോധം ഓരോ രക്ഷകർത്താക്കളിലും ഉണ്ടാകേണ്ടതുണ്ട്. ഏത് കുട്ടിയും ഇപ്രകാരം ഉപദ്രവിക്കപ്പെടാമെന്നും അതിനുള്ള സാധ്യത നമ്മുടെ ചുറ്റുവട്ടത്തുതന്നെ ഉണ്ടെന്നും ഏവരും മനസ്സിലാക്കിയിരിക്കണം. ഈ വിഷയത്തെക്കുറിച്ച് രക്ഷകർത്താക്കൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും അവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

കുട്ടികളെ ശാരീരികമായോ ലൈംഗികമായോ മാനസ്സികമായോ ഉപദ്രവിക്കുന്നതിനെയോ അവഗണിക്കുന്നതിനെയോ ബാലപീഡനം അല്ലെങ്കിൽ ചൈൽഡ് അബ്യൂസ് എന്നു പറയും. ബാലപീഡനം കുട്ടിയുടെ വീട്ടിൽ വച്ചോ, കുട്ടി ഇടപെടുന്ന സ്കൂൾ, സംഘടനകൾ, സമൂഹം എന്നിവിടങ്ങളിൽ വച്ചോ നടക്കാം. അവഗണന, ശാരീരിക പീഡനം, മാനസികപീഡനം, ലൈംഗികപീഡനം എന്നിങ്ങനെ ബാലപീഡനം പ്രധാനമായും നാലു തരത്തിൽ ഉണ്ട്.

**അവഗണന**

കുഞ്ഞിന്റെ ആരോഗ്യവും, സുരക്ഷയും ഉറപ്പുവരുത്തുന്ന രീതിയിൽ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യരക്ഷ, മേൽനോട്ടം എന്നിവ നൽകാതിരിക്കലാണ് അവഗണന.

**ലക്ഷണങ്ങൾ**

കുട്ടി കൃത്യമായി സ്കൂളിൽ പോകാതിരിക്കൽ.

ആഹാരമോ, പണമോ യാചിക്കുകയോ, മോഷ്ടിക്കുകയോ ചെയ്യുക.

ആവശ്യമുള്ള ആരോഗ്യ പരിചരണം കിട്ടാതിരിക്കുക.

ആവശ്യത്തിന് വസ്ത്രങ്ങൾ ഇല്ലാതിരിക്കുക എന്നിവയാണ്.

അവഗണിക്കപ്പെടുന്ന കുട്ടികളിൽ ശാരീരികവും, മാനസികവുമായ വളർച്ച താമസത്തിലാവുന്നു.

**ശാരീരികപീഡനം**

കുട്ടിക്ക് ശാരീരികക്ഷതമുണ്ടാക്കുന്ന പ്രവൃത്തികൾ മനപൂർവ്വം ചെയ്യുന്നതാണ് ശാരീരികപീഡനം. അടിക്കുക, പൊള്ളലേൽപ്പിക്കുക എന്നിവ ശാരീരിക പീഡനങ്ങളാണ്.

**ലൈംഗികപീഡനം**

മുതിർന്നയാൾ ലൈംഗിക ഉത്തേജനത്തിനായി കുട്ടിയെ ഉപയോഗിക്കുന്നതാണ് ലൈംഗികപീഡനം. ലൈംഗിക വൃത്തികൾക്കായി നിർബന്ധിക്കുക, ലൈംഗികാവയവങ്ങൾ കുട്ടിയുടെ മുന്നിൽ പ്രദർശിപ്പിക്കുക, കുട്ടിയെ പോർണോഗ്രാഫി കാണിക്കുക, കുട്ടിയുമായി ലൈംഗികബന്ധം നടത്തുക, കുട്ടിയുടെ ലൈംഗികാവയവങ്ങളിൽ തൊടുക, കുട്ടിയുടെ ലൈംഗികാവയവങ്ങളിൽ നോക്കുക, ചൈൽഡ് പോർണോഗ്രാഫി നിർമ്മിക്കുക എന്നിവ കുട്ടിയോടു ചെയ്യുന്ന ലൈംഗികപീഡനങ്ങളാണ്. കൂടുതൽ പീഡകരും കുട്ടികൾക്ക് പരിചയമുള്ളവരാണ്. പീഡകരിൽ 30% ബന്ധുക്കളും, 60% കുടുംബസുഹൃത്തുക്കൾ, ആയമാർ, അയൽക്കാർ, എന്നിവരും, 10% അപരിചിതരുമാണ്.

**'ബാറ്റേർഡ് ചൈൽഡ് സിൻഡ്രോം'**

ഈ പേര് നൽകികൊണ്ട് ഇങ്ങനെ ഒരു പ്രശ്നം ഉണ്ടെന്ന് ആദ്യമായി ലോകത്തിന് കാട്ടിതന്നത് 1950-ൽ അമേരിക്കൻ റേഡിയോളജിസ്റ്റായ ഡോക്ടർ 'കെഫി' ആണ്. ഒരു കുട്ടിക്ക് ശരീരത്തിന് വെളിയിലോ ഉള്ളിലോ മാതാപിതാക്കളോ സംരക്ഷകരോ മനഃപൂർവ്വം ഉണ്ടാ

ക്കുന്ന മുറിവുകൾക്കാണ് ബാറ്റേർഡ് ചൈൽഡ് സിൻഡ്രോം എന്നു പറയുന്നത്.



**ലക്ഷണങ്ങൾ**

ശരീരത്തിൽ പല നാളുകളായി (പല പ്രായത്തിലുള്ള) സംഭവിച്ചിട്ടുള്ള ക്ഷതങ്ങൾ, മറ്റ് മുറിവുകൾ, പൊള്ളിച്ച പാടുകൾ, ആന്തരിക അവയവങ്ങളുടെ ചതവും മുറിവും, പല പ്രായത്തിലുള്ള എല്ലുകളുടെ പൊട്ടലും, ഒടിവും, പ്രത്യേകിച്ച്, വാരിയെല്ലിനും കൈകാൽ എല്ലുകൾക്കുണ്ടാകുന്ന പൊട്ടലും ഒടിവും, തലയ്ക്കുള്ള ക്ഷതങ്ങൾ, മാനസ്സികമായിട്ടുള്ള പ്രശ്നങ്ങൾ എന്നിവ ഈ കുട്ടികളിൽ കണ്ടുവരുന്നു. ഉദാഹരണമായിട്ട് ഉറക്കത്തിൽ മൂത്രം പോവുക, സ്വപ്നം കണ്ട് കരയുക. ദിവസങ്ങൾ മാത്രം പ്രായം ഉള്ള കുട്ടികൾ ഈ സാഹചര്യത്തിൽ മരിച്ചുപോകുന്നു. മറ്റ് കുട്ടികൾ അവർക്ക് ഏറ്റിട്ടുള്ള മുറിവുകളുടെ കാഠിന്യം അനുസരിച്ചും ആന്തരിക അവയവങ്ങളുടെ സ്ഥിതി അനുസരിച്ചും ചിലപ്പോൾ ജീവിക്കാം. പക്ഷേ ഈ കുട്ടികളിൽ ഉണ്ടാകുന്ന മാനസ്സിക പ്രശ്നങ്ങൾ ശരിയാക്കി എടുക്കുവാൻ വളരെ ബുദ്ധിമുട്ട് ആയിരിക്കും.

ദിവസങ്ങൾ പോയതിനുശേഷം, മുറിവേറ്റ കുട്ടിയെ ഡോക്ടറുടെ അടുക്കൽ ചികിത്സയ്ക്കായി കൊണ്ടുവരുന്നതും, മുറിവിന്റെ കാരണങ്ങൾക്ക് കൃത്യമല്ലാത്ത മറുപടിയും ബാറ്റേർഡ് ചൈൽഡ് സിൻട്രോം ആണോ എന്ന് സംശയിക്കുന്നതിന് ഇടവരുന്നു.

**ബാറ്റേർഡ് ചൈൽഡ് സിൻട്രോം കാരണങ്ങൾ**

- മദ്യവും കഞ്ചാവുപോലുള്ള മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്നവർ
- വ്യക്തിത്വ വൈകല്യങ്ങളും, പീഡോഫീലിയ പോലുള്ള മാനസിക രോഗവും ഉള്ളവർ.
- കുട്ടിക്കാലത്ത് ബാലപീഡനത്തിന് ഇരയായിട്ടുള്ള മാതാപിതാക്കൾ.
- കെട്ടുറപ്പില്ലാത്ത, തകർന്ന കുടുംബജീവിതം നയിക്കുന്നവർ
- വിവാഹജീവിതത്തിന് വെളിയിൽ ഉണ്ടായിട്ടുള്ള കുട്ടികൾ.
- സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥയിലുള്ള ജീവിതം നയിക്കുന്ന, മതങ്ങളും മറ്റ് സംഘടനകളുമായി ഒരു വിധത്തിലുമുള്ള ബന്ധവും ഇല്ലാത്ത മുതിർന്നവർ ഉള്ള വീടുകൾ.

**പ്രതിരോധ മാർഗ്ഗങ്ങൾ**

- ഈ വിഷയത്തെക്കുറിച്ച് രക്ഷകർത്താക്കൾക്കിടയിലും, പൊതുജനങ്ങൾക്കിടയിലും അവബോധം ഉണ്ടാക്കുക.
- നമ്മുടെ ചുറ്റുപാടും, അയൽപക്കത്തും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കുകയും, ഇതിനായി സ്വാർത്ഥത വെടിഞ്ഞ് നമ്മുടെ കണ്ണും കാതും തുറന്ന് വയ്ക്കുകയും വേണം.
- ആവശ്യമെങ്കിൽ നിയമപാലകരുടെയോ ചൈൽഡ് ലൈൻ തുടങ്ങിയ സംവിധാനങ്ങളുടേയോ സഹായം തേടണം.

**ചികിത്സാ രീതികൾ**

കുട്ടിയുടെ ശരീരത്തിന് പുറമെയുള്ള മുറിവുകൾ തിട്ടപ്പെടുത്തിയതിനുശേഷം എല്ലുകളുടെയും ആന്തരിക അവയവങ്ങളുടെയും സ്ഥിതി മനസ്സിലാക്കി അതാതു രീതിയിലുള്ള ചികിത്സയാണ് നൽകേണ്ടത്. ശരീരികവും മാനസികവുമായ ചികിത്സ പലപ്പോഴും വേണ്ടിവരും. കാരണക്കാരായ വ്യക്തികൾക്കും കൗൺസിലിംങ്ങും മറ്റ് മാനസിക ചികിത്സകളും വേണ്ടിവരും. വിവരം നിയമപാലകരെ അറിയിക്കേണ്ടതും വളരെ അത്യാവശ്യമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ തുടരാതിരിക്കാൻ ഇത് സഹായകരമാവും.

**ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം.**

കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെടുക്കാൻ ഇന്ത്യൻ ഭരണഘടനയുടെ പതിനഞ്ചാം ആർട്ടിക്കിളിലെ മൂന്നാം വകുപ്പുപ്രകാരം ഭരണകൂടത്തിന് അധികാരമുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 1992 ഡിസംബർ 11 ന് സ്വീകരിച്ച കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയുള്ള കൺവെൻഷനിലും ഇന്ത്യ പങ്കാളിയാണ്. ഇന്ത്യൻ പാർലമെന്റ് 2011 ൽ അവതരിപ്പിച്ച പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ എഗൈൻസ്റ്റ് സെക്ഷ്വൽ അബ്യൂസ്ഡ് ബിൽ 2012 മെയ് 22 ന് പാസാക്കുകയുണ്ടായി. ഇന്ത്യയിൽ 53 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലൈംഗിക ചൂഷണത്തിനിരയാകുന്നുണ്ട് എന്നാണ് കണക്ക്. ഇതിനെതിരെ കൂടുതൽ ശക്തമായ നിയമം കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്.

നിങ്ങളുടെ കുഞ്ഞുങ്ങളെ സ്നേഹിക്കുക, പൂർണ്ണമായും സ്വീകരിക്കുക, അവരെ മനസ്സിലാക്കുക, ബഹുമാനിക്കുക, അവർക്കുവേണ്ടി സമയം ചിലവഴിക്കുക, അവരുടെ കഴിവുകൾ മനസ്സിലാക്കിയിരിക്കുക, അവരുടെ പ്രശ്നങ്ങൾക്ക് കാതോർക്കുക, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, അഭിനന്ദിക്കുക, സർവ്വോപരി നല്ല മാതൃകയാവുക. അങ്ങനെ നമ്മുടെ വീട് കുട്ടികൾക്ക് ഒരു സ്നേഹവീടായിത്തീരട്ടെ.

# മൂന്നാം ലോകം



ഫാ. പീറ്റർ
തോമസ് CMI

‘സോളാർ തട്ടിപ്പും’ കൈക്കൂലിവാങ്ങലും
ഫാഷനായിത്തീരുന്നീ കേരളത്തില്
ഓണം പിറന്നാലും മാവേലി വന്നാലും
നാണം മറക്കുന്നു രാഷ്ട്രീയക്കാർ
ഭരിപ്പിക്കയില്ലാത്ത കള്ളപ്പരിഷകൾ
ഭരിച്ചപ്പോൾത്തന്നെ മുടിഞ്ഞിവിടം
‘ടഗ്ഗു’  കൂടാതുള്ള വാർ നടത്തീടുവോർ
‘ടഗ് ഓഫ് വാറാ’ ണിവിടെ മുഖ്യം
കാപാലികൻമാർ, കാലുഷ്യവാഹികൾ
പീഡനമോഹികൾ മർക്കടങ്ങൾ
അടിയും പിടിയും തെറികളുമായി
വാടാ, പോടാ വിളികളുതിർത്തും
ഉപജാപത്തിൽ സാമാജികൻമാർ
പോർവിളി സദസ്സിൽ മുഴക്കിടുന്നു.
തമ്മിലടിക്കാനും കൊഞ്ഞനം കാട്ടാനും
എമ്മെല്ലെമാരവർ കോമരങ്ങൾ
നാടിനെനന്നാക്കാൻ പോയവരൊക്കെയും
നായയെപ്പോലെ കുരച്ചുനില്പൂ
ഇതിനൊക്കെപ്പരിഹാരം ചെയ്യാതടങ്ങുമോ
ഹതഭാഗ്യരായ മഹാജനങ്ങൾ?
ഉത്തരഖാണ്ഡിൽ കുടുങ്ങിയോർക്കുള്ളതു
ജാതിയും ഖ്യാതിയും നോക്കിരക്ഷ!
മാവേലി പണ്ടീനാട്ടിലുദിച്ചപ്പോൾ
ചാവേറായ് വന്നില്ലേ പൊന്നുതമ്പ്രാൻ
എന്തിനാണിവിടെപ്പുലരിവിരിയുന്നു
ഹന്ത തമസ്കരണമാണു കേമം
ബ്രാണ്ടിയും വിസ്കിയും മാംസാദിഭോജ്യങ്ങൾ
വേണ്ടുവോളം കൂട്ടുന്നോണനാളിൽ
നമ്മൾക്കുപോയിടാം മാവേലിമന്നവാ
നമ്മൾക്കു പോയിടാം മാവേലിമന്നവാ
നന്മകൾ പൂക്കുന്നൊരു ലോകത്തില്!

# DEPARTMENT OF PSYCHOLOGICAL MEDICINE & COUNSELLING

## പ്രത്യേക സൗകര്യങ്ങൾ

### CHILD GUIDENCE CLINIC
കുട്ടികളിൽ നിരാശ, പേടി, അമിതമായ വികൃതി, പഠനത്തിലുള്ള താല്പ്പര്യക്കുറവ് തുടങ്ങിയവയ്ക്കുള്ള ചികിത്സ

### DEADDICTION CLINIC
അനിയന്ത്രിതമായ മദ്യപാനം, പുകവലി, പാൻമസാല യുടെ ഉപയോഗം തുടങ്ങിയവയ്ക്കുള്ള ചികിത്സ

### MEMORY CLINIC
അകാരണമായ മറവി, ഓർമ്മക്കുറവ്, ബുദ്ധിമാന്ദ്യം എന്നിവയ്ക്കുള്ള ചികിത്സ

### SLEEP CLINIC
ഉറക്കക്കുറവ്, ഉറക്കക്കൂടുതൽ, ഉറക്കത്തിൽ മൂത്രമൊഴിക്കൽ തുടങ്ങിയവയ്ക്കുള്ള ചികിത്സ

### EPILEPSY CLINIC
അപസ്മാര സംബന്ധമായ അസുഖങ്ങൾക്കുള്ള ചികിത്സ

**കൗൺസലിംഗ് സൗകര്യം** :
എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാണ്.



## നേത്രചികിത്സാ വിഭാഗത്തിലെ ആധുനിക സൗകര്യങ്ങൾ

1. **കംപ്യൂട്ടർ പരിശോധന** (Auto Refractometer)
   (കാഴ്ചശക്തി, കണ്ണട എന്നിവയ്ക്കുവേണ്ടി)
2. **കാഴ്ച വ്യാപ്തി അളക്കുന്ന ഉപകരണം** (Visual Field Analyzer)
   (ഗ്ലോക്കോമ മുതലായ രോഗങ്ങൾ കണ്ടുപിടിക്കുന്നതിന്)
3. **ലേസർ ചികിത്സ** (YAG LASER)
   (ചില പ്രത്യേകതരം നേത്രരോഗങ്ങൾക്ക്)
4. **നൂതന തിമിരചികിത്സ**
   - തുന്നലിടാത്ത, ലളിതമായ ശസ്ത്രക്രിയ (Small Incision Cataract Surgery)
   - താക്കോൽദ്വാര ശസ്ത്രക്രിയ (Phacoemulsification)
5. **നവീനരീതിയിലുള്ള കണ്ണടകൾ, കോൺടാക്ട് ലെൻസ്**

## പൾമണോളജി വിഭാഗം

ഡോ. സോണിയ ജോസിന്റെ (ശ്വാസകോശ രോഗ വിദഗ്ധ) നേതൃത്വത്തിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ പൾമണോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**സേവനങ്ങൾ**

- ശ്വാസകോശ രോഗങ്ങൾ മൂലമുണ്ടാകുന്ന അലർജിക്കും ആസ്ത്മായ്ക്കുമുള്ള ചികിത്സകൾ
- കഫകെട്ടുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കുള്ള ചികിത്സകൾ
- Dyspnoea - COPD, ILD തുടങ്ങിയവയ്ക്കുള്ള ചികിത്സകൾ
- ന്യൂമോണിയ TB തുടങ്ങിയവയ്ക്കുള്ള ചികിത്സകൾ
- കഠിനമായ ശ്വാസംമുട്ടൽ മൂലം ഉറങ്ങാൻ പറ്റാത്തവർക്കും, അമിതമായ പുകവലി മൂലം ശ്വാസകോശരോഗങ്ങൾ ബാധിച്ചവർക്കുമുള്ള ചികിത്സകൾ

**പ്രത്യേക സൗകര്യങ്ങൾ**

- Pulmonary Function Testing.
- Pulse Oximetry monitoring
- 6 minute walk Test
- Overnight sleep oximetry
- Polysomnography (Sleep Lab)

**അലർജി ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു**

## ത്വക്ക് രോഗ വിഭാഗത്തിലെ പ്രത്യേക സൗകര്യങ്ങൾ

**PUNCH GRAFTING BLISTER GRAFTING TATTOOING**
വെള്ളപാണ്ടിനുള്ള സർജറി.

**ELOCTORLYSIS**
സ്ത്രീകളുടെ മുഖത്തെയും ദേഹത്തെയും അനാവശ്യ രോമങ്ങൾ നീക്കം ചെയ്യുന്നു.

**RADIO CAUTERY**
മുഖത്തെയും ദേഹത്തെയും മറുകുകൾ, പാടുകൾ മുതലായവ നീക്കം ചെയ്യുന്നു.

**ELECTRIC CAUTERY**
അരിമ്പാറ, പാലുണ്ണി മുതലായവ നീക്കം ചെയ്യുന്നു.

**SKIN RESURFACING**
മുഖക്കുരുവിന്റെയും ചിക്കൻ പോക്സിന്റെയും പാടുകൾക്കുള്ള ചികിത്സ.

**CHEMICAL PEELING**
മുഖത്തെ കറുത്തപാടുകൾക്കും കരുവാളിപ്പിനുമുള്ള ചികിത്സ.

**CRYO SLUSH**
മുഖക്കുരുവിനും മുഖത്തെ പാടുകൾക്കുമുള്ള ചികിത്സ.

**CRYO SURGERY**
അരിമ്പാറ, പാലുണ്ണി മുതലായവ വേദനകൂടാതെ നീക്കം ചെയ്യുന്നു.

**CHEMICAL CAUTERY**
മുഖത്തെ കറുത്ത പാടുകൾക്കുള്ള ചികിത്സ.

## ജനിച്ച ഇടനെ കേൾവി പരിശോധിക്കുന്നതിനുള്ള നൂതന മാർഗ്ഗം.

**ഉമ്മൻ ജോൺ**, ഓഡിയോളജിസ്റ്റ്



1000 നവജാതശിശുക്കളിൽ 14 പേരും ജന്മനാ കേൾവി വൈകല്യം ഉള്ളവരാണ്. ജനിച്ചു മൂന്നു മാസത്തിനുള്ളിൽ കുഞ്ഞുങ്ങളിലെ കേൾവിക്കുറവ് കണ്ടുപിടിച്ച് പരിഹരിക്കാവുന്നതാണ്.

**എന്തിനാണ് ഒ.എ.ഇ ടെസ്റ്റ്**

ജനിച്ച് ആദ്യത്തെ 3 വർഷം കുഞ്ഞിന്റെ സംസാരഭാഷാ വികസനത്തിന്റെ സുപ്രധാന ഘട്ടമാണ്.

കേൾവി വൈകല്യം സംസാരവൈകല്യത്തിലേക്കു നയിക്കുന്നു.

കുഞ്ഞ് ജനിച്ച് ഒരു മാസത്തിനുള്ളിൽ ഒ.എ.ഇ പരിശോധന നടത്തുകയാണെങ്കിൽ ഭാവിയിൽ ഉണ്ടാകാവുന്ന കുഞ്ഞിന്റെ സംസാര-ശ്രവണ വൈകല്യങ്ങൾ ഒഴിവാക്കാവുന്നതാണ്.

കേൾവിക്കുറവ് നിങ്ങളു കുട്ടിയുടെ ജീവിതത്തിന്റെ സംസാര ഭാഷാ വികസനം, ബുദ്ധിപരമായ വികസനം, വിദ്യാഭ്യാസം, സാമൂഹ്യ ജീവിതം എന്നീ തലങ്ങളെ സാരമായി ബാധിക്കുന്നു.

നല്ലൊരു ശ്രോതാവിനു മാത്രമേ സമൂഹവുമായി നന്നായി ആശയ വിനിമയം നടത്തുവാൻ സാധിക്കൂ..

# കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് എന്തുകൊണ്ട്?



**ബ്രദർ പയസ്സുകുട്ടി**
ചീഫ് എഡിറ്റർ

ലോകം ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം മനുഷ്യരും. ശാസ്ത്ര സാങ്കേതിക വിദ്യകളിൽ, പ്രത്യേകിച്ച് വിവര സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ വളരെയധികം പ്രശംസനീയമാണ്. വാർത്താ മാധ്യമരംഗങ്ങളിൽ ദിനംപ്രതി ലോകം പുരോഗമിക്കുകയാണ്. ഇന്റർനെറ്റും, മൊബൈൽഫോണും, ടി.വി ചാനലുകളും, പത്രമാധ്യമങ്ങളുമെല്ലാം, ആധുനികവത്കരണത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യൻ ആവിഷ്കരിച്ചെടുത്ത ആധുനിക കണ്ടുപിടുത്തങ്ങൾ ലോകത്തിന്റെ ഗതി തന്നെ മാറ്റി മറിച്ചിരിക്കുന്നു. അതോടൊപ്പം തെറ്റുകളിലേക്ക് വഴുതി വീഴാനുള്ള വഴികളും അവ ലോകത്തിന് സമ്മാനിച്ചിരിക്കുന്നു. ഹൈടെക് യുഗത്തിൽ ഹൈടെക് കുറ്റകൃത്യങ്ങളും വളർന്നുകൊണ്ടിരിക്കുന്നു.

മുൻ കാലങ്ങളെ അപേക്ഷിച്ച് വാർത്തകൾ പ്രചരിപ്പിക്കുന്ന രീതിയിലും വിശകലനം ചെയ്യുന്ന രീതിയിലും മനുഷ്യൻ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തങ്ങൾ ആഗ്രഹിക്കുന്ന രീതിയിലും വ്യക്തികളെ തങ്ങളിലേയ്ക്ക് ആകർഷിക്കുന്ന രീതിയിലും വാർത്തകളെ രൂപപ്പെടുത്തിയെടുക്കാൻ എല്ലാ പത്രമാധ്യമങ്ങളും ടി.വി ചാനലുകളും ഇന്ന് മത്സരിക്കുകയാണ്. ഇവിടെ സത്യത്തിനോ ധാർമ്മികതയ്ക്കോ ഒന്നും പ്രസക്തിയില്ല. തെറ്റായതിനെ ശരിയായായും ശരിയായതിനെ തെറ്റായും ചിത്രീകരിക്കാൻ ഇവർക്ക് ഒരു മടിയുമില്ല. ധാർമ്മിക ചിന്തയും മൂല്യബോധവുമെല്ലാം ഇവിടെ തകർന്നടിയുന്നു. ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുവാനുള്ള തന്ത്രപ്പാടിൽ പ്രേക്ഷകരിൽ ആസക്തി വളർത്തത്തക്കവിധം നഗ്നത പ്രദർശിപ്പിക്കുന്ന പരസ്യങ്ങളും റിയാലിറ്റി ഷോകളും ലൈംഗികച്ചുവയുള്ളതും കള്ളത്തരങ്ങളും കുറ്റകൃത്യങ്ങളും പ്രചരിപ്പിക്കുന്നതുമായ സീരിയലുകളും ന്യൂജനറേഷൻ സിനിമകളുമെല്ലാം ജനസമൂഹത്തെ വികലമായ ചിന്തകളിലേയ്ക്കും തെറ്റായ കാഴ്ചപ്പാടുകളിലേയ്ക്കും കുറ്റകൃത്യങ്ങളിലേയ്ക്കും നയിക്കുന്നു.

ഇന്റർനെറ്റ് നമുക്ക് അറിവിന്റെ വിശാലമായ വാതിൽ തുറന്നു തരുന്നു. എന്നാൽ അത് മൂല്യങ്ങൾ പകർന്നു തരുന്നില്ല. മൂല്യങ്ങൾക്ക് മുൻഗണന നൽകാത്ത മാധ്യമങ്ങളെല്ലാം നമ്മെ ധാർമ്മിക അധഃപതനത്തിലേയ്ക്ക് നയിക്കും. ഇന്ന് ഇന്റർനെറ്റ് കഫേകളിൽ എത്തുന്ന 90 ശതമാനം പേരും സ്കൂൾ കുട്ടികളാണ്. 90 ശതമാനം പേരും അശ്ലീല സൈറ്റുകളാണ് പരതുന്നത്. അശ്ലീല സി.ഡികൾ വീട്ടിൽ കൊണ്ടുവന്ന് ആസ്വദിക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കുക. നിങ്ങളുടെ കുട്ടികൾ നിങ്ങൾ അറിയാതെ തന്നെ നിങ്ങളുടെ പാത പിന്തുടരുന്നുണ്ട്. അവർക്ക് ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള വഴി ഒരുക്കിക്കൊടുക്കുകയാവും നിങ്ങൾ ഇതുവഴി ചെയ്യുന്നത്. കണ്ണുനിറയെ നഗ്നതയും അശ്ലീലതയും ആസ്വദിക്കുന്നവരുടെ മനസ്സ് മലിനമാകാനും അത് ധാർമ്മികമൂല്യങ്ങൾ തകർന്നടിയാനും കാരണമാകുന്നു. അവർ താളം തെറ്റിയ മനസ്സുകൾക്ക് ഉടമയായി മാറുന്നു. വസ്തുനിഷ്ഠമല്ലാത്ത, യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ധാരണകൾ മനസ്സിൽ കൊണ്ടുനടക്കാൻ ധാർമ്മികമൂല്യങ്ങൾ തെല്ലും ഏശാത്ത പരസ്യങ്ങളും ന്യൂജനറേഷൻ സിനിമകളും സീരിയലുകളും റിയാലിറ്റിഷോകളും അശ്ലീല ചിത്രങ്ങളും അശ്ലീലത പകർന്നു നൽകുന്ന പ്രസിദ്ധീകരണങ്ങളും കാരണമാകുന്നു. ലൈംഗിക വികാരങ്ങൾ ഉണർത്തുന്നതിനും ആസക്തി നിറഞ്ഞ മനസ്സോടെ പ്രവർത്തിക്കുന്നതിനും മൃഗതുല്യമായ ആസക്തിയോടുകൂടി വ്യക്തികളെ നോക്കിക്കാണുന്നതിനും അധാർമ്മിക പ്രവർത്തികളിൽ വ്യാപരിക്കുന്നതിനും ഇവ കാരണമായിത്തീരും. ഇവയെല്ലാം പതിവായി കാണുകയും കേൾക്കുകയും ഇവയെക്കുറിച്ചുള്ള ചിന്തകളിൽ വ്യാപരിക്കുകയും ചെയ്യുന്ന വ്യക്തികളിൽ വിവാഹം, കുടുംബം, ജീവിത പങ്കാളി, ലൈംഗികത, സുഹൃത്തുക്കൾ എന്നിവയെക്കുറിച്ച് വികലമായ കാഴ്ചപ്പാടുകൾ രൂപപ്പെടുകയും എതിർ ലിംഗത്തോടും, മാതാപിതാക്കളോടും, മക്കളോടും, അദ്ധ്യാപ



കരോടും, അധികാരികളോടും, സ്ഥാപനങ്ങളോടും, സമ്പ്രദായങ്ങളോടും യാഥാർത്ഥ്യത്തിനു നിരക്കാത്തതും വൈകൃതം നിറഞ്ഞതുമായ സമീപനം കൈകൊള്ളുകയും, കാലക്രമേണ, സമൂഹത്തിന് ഉൾക്കൊള്ളാനാവാത്തവിധം വികലമായ വ്യക്തിത്വത്തിന് ഉടമയായിത്തീരുകയും ചെയ്യുന്നു. സാമൂഹ്യ നിയമങ്ങൾക്കനുസരിച്ച് ജീവിക്കാൻ ആ വ്യക്തി അശക്തനായിത്തീരുന്നു. തെറ്റായി സ്വീകരിച്ചുപോന്ന ഇത്തരം ധാരണകൾ മനോരോഗങ്ങൾക്ക് കാരണമായിത്തീരുന്നു. ചിന്തകൾക്കനുസൃതമായാണ് ഒരു വ്യക്തിയുടെ പെരുമാറ്റം രൂപം കൊള്ളുന്നത്.

കുറ്റകൃത്യങ്ങൾക്കും അധാർമ്മിക പ്രവർത്തനങ്ങൾക്കും കാരണമാകുന്ന മറ്റൊരു പ്രധാന ഘടകമാണ് മദ്യവും മറ്റ് ലഹരി വസ്തുക്കളും. കുറ്റകൃത്യങ്ങളും ലൈംഗിക അതിക്രമങ്ങളും നടത്തുന്ന ഏതാണ്ട് 80 ശതമാനം ആളുകളും മദ്യത്തിനും ലഹരി വസ്തുക്കൾക്കും അടിപ്പെട്ടവരാണ്. വ്യക്തിത്വ വൈകല്യങ്ങളും ശിഥിലമായ കുടുംബ ബന്ധങ്ങളും ഇവയ്ക്ക് കാരണമായി മാറുന്നുണ്ട്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർക്ക് ലൈംഗിക വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ് കുറവാണ്. മദ്യവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉള്ള നിയന്ത്രണം കൂടി ഇല്ലാതാക്കും. ലൈംഗിക അതിക്രമങ്ങൾ മിക്കതും നടക്കുന്നത് പുരുഷൻ മദ്യത്തിനോ മയക്കുമരുന്നിനോ അടിമയായിരിക്കുമ്പോഴാണ്. ഇന്നത്തെ ഫാഷൻ സംസ്കാരം വ്യക്തികളെ ലൈംഗിക അതിക്രമത്തിന് പ്രേരിപ്പിക്കാറുണ്ട്. വസ്ത്രധാരണം വഴിയും പെരുമാറ്റം വഴിയും, പ്രത്യേകിച്ച്, സ്ത്രീകളും, പെൺകുട്ടികളും അറിഞ്ഞോ അറിയാതയോ എതിർലിംഗത്തിൽപ്പെട്ട വ്യക്തിയിലെ ലൈംഗിക വികാരങ്ങളെ ഉണർത്തി അപകടം സ്വയം ക്ഷണിച്ചുവരുത്താറുണ്ട്.

ചുരുക്കത്തിൽ ഇന്നത്തെ സാമൂഹിക ചുറ്റുപാടുകളിലെ സവിശേഷതകളാണ് മനുഷ്യനെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. തെറ്റുകളിലേയ്ക്ക് വഴുതി വീഴാനുള്ള വഴികളും അധാർമ്മിക പ്രവൃത്തിയിൽ ഏർപ്പെടാനുള്ള അവസരങ്ങളും അവയ്ക്ക് കൂട്ടുനിൽക്കുന്ന വ്യക്തികളും ഇന്ന് ഏറെയാണ്. കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുന്ന മുമ്പ് പ്രസ്താവിച്ച ഘടകങ്ങളെല്ലാം കൂടിച്ചേർന്നുണ്ടാകുന്ന ഉപഭോഗസംസ്കാരത്തിന്റെ ഉപോത്പന്നമാണ് അക്രമവാസന.

കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുന്ന ഏതാനും മറ്റുചില ഘടകങ്ങളെക്കുറിച്ചും കുറ്റകൃത്യങ്ങൾ തടയാനള്ള മാർഗ്ഗങ്ങളെക്കുറിച്ചും അടുത്ത സെന്റ് ജോൺസ് വോയ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## സെന്റ് ജോൺ ഓഫ് ഗോഡ് യൂസ്റ്റാഷ്യൂസ് കൂഗ്ലർ പ്രതീക്ഷാഭവൻ

അശരണർക്കും ആലംബഹീനർക്കും ആശ്വാസമായി കഴിഞ്ഞ 4 പതിണ്ടുകളായി നിലകൊളളുു. പ്രതീക്ഷാഭവന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം 2012 മാർച്ച് മാസം 21-ാം തീയതി നിർവ്വഹിക്കപ്പെട്ടു. പ്രതീക്ഷാ ഭവനിൽ നിലവിലുളള സൗകര്യങ്ങൾ വളരെ പരിമിതമായി വന്നപ്പോഴാണ് പുതിയ ഒരു കെട്ടിടത്തെക്കുറിച്ച് ചിന്തിച്ചത് ദൈവകൃപയാൽ ഉദാരമതികളുടെ സഹായത്താൽ 2 വർഷം കൊണ്ട് അൻപതിനായിരം സ്ക്വയർഫീറ്റിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു ഭവനം നിർമ്മിക്കുവാൻ സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തിന് നന്ദിപറയുന്നു. ഇവിടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ റൂമുകൾ, റിക്രിയേഷൻ സെന്റർ, ചാപ്പൽ തുടങ്ങി അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

**ബ്രദർ. ജോസ് മാത്യു**
ഡയറക്ടർ, പ്രതീക്ഷാഭവൻ





# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്

“വിശന്നവനായ് വിയർത്തവനായ്
നഗ്നനായി നിങ്ങളെന്നെ കാണും
മൺകുടിലിൽ പൂർണ്ണവിവശനായ്
വീണ്ടും നിങ്ങളെന്നെ കാണും
വേദനയാൽ തളർന്നവനായ്
ദാഹംപേറി കുഴഞ്ഞവനായ്
നിരാശനായി തടവറതന്നിൽ
വീണ്ടും നിങ്ങളെന്നെ കാണും
എൻ സ്വരം കേട്ട് വന്നിടണം”





ഈ സ്വരം കേട്ട്...

രോഗികളുടേയും വേദനിക്കുന്നവരുടേയും
ആവശ്യത്തിലിരിക്കുന്നവരുടേയും കവിളുകളിൽ
തങ്ങിനിന്ന കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ
ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും
നെയ്ത്തിരിയായിത്തീർന്ന് സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ...
ഗ്രനേഡയിലെ പാവങ്ങൾക്കും രോഗികൾക്കും അശരണർക്കും
അത്താണിയായി...

പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...

പാവങ്ങളുടെ വല്യച്ചനായിത്തീർന്ന
ബഹു. ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ
ദൈവം ദാനമായിതന്ന ജീവിതത്തെ സമർപ്പണജീവിതത്തിലൂടെ
ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന,
ഈശോയെ ശുശ്രൂഷിക്കുവാൻ ഉപവിയുടെ
ഉപകരണങ്ങളാകുവാൻ വിശുദ്ധിയുടെ സൗരഭ്യം പകരാൻ...
നിങ്ങളും വരുന്നോ?



**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും**
**സ്വാഗതം**


Vocation Promotor
Brothers of St. John of God
P.B. NO: 2, Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 9495506576, 9961012247

Vocation Promotor
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

# കാർഡിയാക് കാത്ത്ലാബ്

## സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന

ഫോൺ 04868 272230, 273230

**ഹൃദ്രോഗ ചികിത്സയ്ക്കായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കാർഡിയാക് കാത്ത്ലാബ് 24 മണിക്കൂറും പ്രവർത്തിക്കുന്നു**

## ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സാസംവിധാനങ്ങൾ

**കൊറോണറി ആൻജിയോഗ്രാം, കൊറോണറി ആൻജിയോപ്ലാസ്റ്റി പ്രൈമറി ആൻജിയോപ്ലാസ്റ്റി**

ഹൃദയാഘാതം (Heart Attack) ഉണ്ടായിരിക്കുന്ന അവസ്ഥയിൽ പൂർണ്ണമായും അടഞ്ഞിരിക്കുന്ന ഹൃദയ ധമനികളിലെ തടസ്സങ്ങൾ തത്സമയം ആൻജിയോപ്ലാസ്റ്റി വഴി നീക്കം ചെയ്യുന്നു.

**പെരിഫറൽ ആൻജിയോഗ്രാം & ആൻജിയോ പ്ലാസ്റ്റി**

പ്രമേഹ രോഗികളുടെ കാലിലെ രക്തക്കുഴലുകളുടെ തടസ്സം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ

**ഓട്ടോമാറ്റിക് ഇംപ്ലാന്റബിൾ കാർഡിയോവെർട്ടർ ഡിഫിബ്രിലേറ്റർ (AICD) & പെർമനന്റ് പേസ്മേക്കർ ഇംപ്ലാന്റേഷൻ**

അപകടകരമായ രീതിയിലുള്ള ഹൃദയമിടിപ്പിലെ വ്യതിയാനം പരിഹരിക്കുന്നകിനുള്ള ഉപകരണം ഘടിപ്പിക്കുന്നു.

**ഇൻട്രാ അയോർട്ടിക് ബലൂൺ പമ്പ് (IABP)**

അപകടകരമായ രക്തസമ്മർദ്ദക്കുറവ് മരുന്നുകൾമൂലം ഉയർത്താൻ സാധിക്കാതെ വരുമ്പോൾ ഉപയോഗിക്കുന്ന അതിനൂതന ഉപകരണം

**ബലൂൺ വാൽവുലോപ്ലാസ്റ്റി**

ചുരുങ്ങിയ ഹൃദയവാൽവുകൾ ഓപ്പറേഷൻ കൂടാതെ വികസിപ്പിക്കുന്നു.

**കാർഡിയാക് കെയർ യൂണിറ്റ് (CCU)**

അത്യാധുനിക വെന്റിലേറ്റർ, മോണിറ്റർ, ആർട്ടീരിയൽ ബ്ലഡ്ഗ്യാസ് അനാലിസീസ് സൗകര്യങ്ങളോടുകൂടിയ CCU

**2D കളർ ഡോപ്ലർ എക്കോ കാർഡിയോഗ്രഫി**
**കംപ്യൂട്ടറൈസ്ഡ് ട്രെഡ്മിൽ ടെസ്റ്റ്**
**24 മണിക്കൂർ ഹോൾട്ടർ മോണിറ്ററിംഗ്.**





Printed and published by Brothers of St. John of God, St. John's Hospital, Kattappana South P.O.; Idukki Dt., Kerala.
Tel : 04868 272230, 273230, Fax: 273363, E-mail - mail@stjohns.co.in, www.stjohns.co.in
PRIVATE CIRCULATION ONLY